OFFICIAL REPORT OF THE VRISCHIGAM MEETING, 1124

Thursday, *the* $\frac{\textit{2nd December 1948}}{\textit{17th Vrischigam 1124}}$

The Assembly met in the Town Hall, Ernakulam, at 3 p.m. with the Hon'ble President (Mr. L. M. Pylee M.A., B.L.,) in the chair.

Messrs. P. Govinda Menon, K. Balakrishna Menon, T. P. Seetharaman, K. Karunakaran and Rao Bahadur T. K. Nayar were absent.

1. QUESTIONS AND ANSWERS

(*N.B.* The numbers in ordinary thin type represent the numbers in the order of receipt of notice.)

VISITS OF H. E. LORD LOUIS MOUNTBATTEN AND H. E. C. RAJAGOPALACHARI —EXPENSES REGARDING

36. (327) **Mr. K. W. Muralidhara Marar** *(Trippunittura):* Will Government be pleased to state the expenses incurred by the Government in connection with the visit of.—

(*a*) Lord Louis Mountbatten, Ex-Governor-General of India;

(*b*) H. E. C. Rajagopalachari, Governor-General of India?

Mr. E. Ikkanda Warriar *(Prime Minister) :*

(*a*) & (*b*) Payments connected with the visits of H. E. Lord Mountbatten and H. E. C. Rajagopalachari have not been completed, and hence it is not possible to say now what the total expenditure is in each case.

Mr. C. V. Iyyu *(Kunnamkulam) :* What is the inordinate delay in putting of all these things ?

Mr. E. Ikkanda Warriar *(Prime Minister) :* The Bills are comingent and we are examining the Bills. There is not even allotment for that.

മിസ്റ്റർ ഇട്ടൂര അംബ്രുക്കൻ: ഇതു ഏകദേശം എത്ര ഉറപ്പിക വരും?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഏകദേശം ൪,൫ ൪, ൦ ൦ ൦ ക. വരും. ഇപ്പോൾ വന്നിടത്തോളം ബിൽസുപ്രകാരമുള്ള സംഖ്യയാണിതു്.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: രണ്ടു വിസിറ്റിനും കൂടിയുള്ള സംഖ്യയാണോ അതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അല്ല. ലോർഡ് മൌണ്ട്ബാറ്റന്റെ വിസിറ്റിനു ൪,൫ ൪, ൦ ൦ ൦ ക. യും ശ്രീ രാജഗോപാലാചാരിയുടെ വിസിറ്റിനു ൪ ൦, ൦ ൦ ൦ ക. യുമാണു്.

മിസ്റ്റർ പി. കെ. ഡിവർ: ലോർഡ് മൌണ്ട്ബാറ്റൻ എന്നാണു വന്നതെന്നു പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കഴിഞ്ഞ മീനത്തിലാണു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഇത്രയും കാലമായിട്ടും ബിൽസു് പരിശോധിച്ചു് പണം കൊടുക്കണമോ വേണ്ടയോ എന്നു തീട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനു എസ്റ്റിമേറവും സാംഗ്ഷനുമില്ലാതെ കണക്കല്ലാത്തപണം ചിലവാക്കീട്ടുണ്ടു്. അതൊക്കെ പരിശോധിച്ചുവരികയാണു്.

മിസ്റ്റർ എം. ആർ. വേലപ്പൻ: ഇതിനെ സംബന്ധിച്ചു ചിലവുകൾ ഇപ്പോഴും അവസാനിച്ചിട്ടില്ലെന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചിലവു് അവസാനിച്ചിട്ടുണ്ടു്.

മിസ്റ്റർ വി. കെ. ജോസഫ്: ഇതുവരെ എത്ര ഉറപ്പിക കൊടുത്തുകഴിഞ്ഞിട്ടുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ൫ ൫, ൦ ൦ ൦ക. കൊടുത്തുകഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഈ സംഖ്യ ചിലവുചെയ്തതു് കരാറപ്രകാരമോ ഡിപ്പാർട്ടുമെണ്ടലായിട്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കരാറപ്രകാരമാണു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ആരുടെ ഉത്തരവാദിത്വത്തിലാണു് ഈ ചിലവു നടത്തിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗവണ്മെണ്ടിന്റെ ഉത്തരവാദിത്വത്തിലാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനു് ഒരു സ്പെഷ്യൽ ആഫീസർ ഉണ്ടായിരുന്നുവോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഒരാൾ ഉണ്ടായിരുന്നു.

മിസ്റ്റർ പി. കെ. ഡീവർ: ആ സ്പെഷ്യൽ ആഫീസരുടെ ഉത്തരവാദിത്വത്തിലാണോ ഈ ചിലവൊക്കെ ചെയ്തിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇതേവരെ കണ്ടിടത്തോളം ചിലവുകൾ അങ്ങിനെയാണു ഉണ്ടായിട്ടുള്ളതു്.

മിസ്റ്റർ പി. കെ. ഡീവർ: ബിൽസു് ഇനി വരുവാൻ വല്ലതുമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹം കണക്കുകളൊക്കെ തന്നിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഉവ്വു്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: മദ്യത്തിന്റെ ബില്ലു് കിട്ടിക്കഴിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മദ്യത്തിന്റെ ബില്ലും കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: സ്പെഷ്യൽ ആഫീസറായി വെച്ചിരുന്ന ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ പഴയ ഉദ്യോഗത്തിലേക്കു പോയോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ സ്പെഷ്യൽ ആഫീസർ ഇല്ല.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഇതിന്റെ കൺട്രാക്ടർ ആരായിരുന്നു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

മിസ്റ്റർ സി. വി. ജയ്സു: പണം കിട്ടുവാനായിട്ടു കൺട്രാക്ടർ കേസു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. പോൾ: ശ്രീ രാജഗോപാലാചാരിയുടെ വരവിനു മദ്യം ഉപയോഗിച്ചതായിട്ടു വല്ല ചിലവുമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇല്ലെന്നാണു് എന്റെ ഓർമ്മ.

മിസ്റ്റർ പി. കെ. ഡീവർ: രാജഗോപാലാചാരിയുടെ വരവിനു മദ്യമുണ്ടായിരുന്നുവെന്നും അതിനെ സംബന്ധിച്ചു പ്രധാനമന്ത്രി നടപടി എടുക്കുന്നുണ്ടെന്നും പത്രത്തിൽ കണ്ടു. അതു ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഓർക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അദ്ദേഹത്തിന്റെ കൂടെവന്ന ആൾക്കു മദ്യം കൊടുത്തിട്ടുണ്ടു്. അങ്ങിനെ മദ്യത്തിനു ചില്ലറച്ചിലവു വന്നിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ലോർഡ മൌണ്ടുബാറ്റനു മാത്രമായിട്ടുള്ള ചിലവാണോ അദ്ദേഹത്തിന്റെ വരവിനു മദ്യം വാങ്ങിയ ചിലവിൽ കാണുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: എല്ലാവർക്കും കൂടിയുള്ള ചിലവായിട്ടാണു് കാണുന്നതു്.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഗവണ്മെണ്ടിന്റെ അതിഥികൾക്കു മദ്യം പാടില്ലെന്നു നിയമമില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഉണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: മൌണ്ടുബാറ്റന്റെ വരവിനു മദ്യം ബാക്കി വന്നിട്ടുണ്ടായിരുന്നോ?

മി. ഇ. ഇക്കണ്ടവാരിയർ: ബാക്കിയുണ്ടായിരുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഇതുപയോഗിക്കുവാനായിട്ടു പ്രത്യേകമായ വല്ല പാത്രങ്ങളോ മറ്റോ വാങ്ങിക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈച്ചരമേനോൻ: മെമ്പർക്ക് ബാറന്റെ വരവിനു സ്റ്റോർകീപ്പറായിരുന്നതു് ഈ അസംബ്ലിയിലെ ഒരു മെമ്പറായിരുന്നു എന്നു് അറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അറിഞ്ഞുകൂടാ.

RETRENCHMENT COMMITTEE REPORT—CRITICISM REGARDING

37. (൫൬) മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനു ദയവുണ്ടാകുമോ.—

വ്യയലഘൂകരണ കമ്മിറ്റിക്കാരുടെ തീരുമാനങ്ങൾക്കു വല്ല പൊതുജനാഭിപ്രായങ്ങളും അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: പൊതുജനാഭിപ്രായം അറിയേണ്ട പല കാര്യങ്ങളും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു ഗവൺമെന്റിനറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിൽ അങ്ങിനെ വേണമെന്നു ഗവൺമെന്റിനു തോന്നിയിട്ടില്ല. അതു് ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ റിപ്പോർട്ടിന്മേൽ നടപടിയെടുക്കുന്നതിനുമുമ്പു് റിപ്പോർട്ടു് പരസ്യംചെയ്തിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പരസ്യംചെയ്യുകയുണ്ടായിട്ടുണ്ടു്.

മിസ്റ്റർ വി. കെ. ജോസഫ്: പൊതുജനങ്ങൾക്കു കോട്ടം തട്ടുന്ന കാര്യങ്ങളുണ്ടെങ്കിൽ അതിനെപ്പറ്റി കല്പന പാസാക്കുന്നതിനുമുമ്പു് ആ കാര്യത്തെക്കുറിച്ചു് ആക്ഷേപമുണ്ടോ എന്നറിയുവാനായി ഗവൺമെന്റു് അതു പരസ്യംചെയ്യേണ്ടതല്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗസറ്റിൽപ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പക്ഷേ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ പറ്റി ആരുടേയും ആക്ഷേപം കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: രണ്ടു രജിസ്ട്രാഫീസുകൾ ക്ലബ്ബുചെയ്യുവാൻ പറഞ്ഞിട്ടുള്ളതിനെക്കുറിച്ചു് ആക്ഷേപമുണ്ടു്.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അതു എവിടേക്കു കൂട്ടിച്ചേർക്കുവാനാണു് പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ: ചേലക്കരയിലും പഴയന്നൂരുമുള്ള രജിസ്ട്രാഫീസുകൾ ഒന്നാക്കി രണ്ടിന്റേയും മദ്ധ്യപ്രദേശത്തു സ്ഥാപിക്കണമെന്നും ഞാറക്കൽ രജിസ്ട്രാഫീസു് അയുമ്പിള്ളി-ഞാറക്കലിന്റെ മദ്ധ്യത്തിലാക്കണമെന്നുമാണു് പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. കെ. പോൾ: റിപ്പോർട്ടിന്റെ കോപ്പികൾ അസംബ്ലി മെമ്പർമാർക്കു കൊടുക്കുവാൻ ഭയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

മിസ്റ്റർ സി. വി. ഐയ്യു: ചേലക്കരയുടേയും പഴയന്നൂരിന്റേയും ഇടക്കു മിക്കവാറും കാട്ടുപ്രദേശങ്ങളാണെന്നു് ഗവൺമെന്റിനു അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: കാട്ടുപ്രദേശങ്ങളും നാട്ടുപ്രദേശങ്ങളുമുണ്ടു്.

ARTICLE IN THE "EXPRESS DATED 13TH KANNI 1124—
"ഇതേതിലും പ്രാധാന്യമേറിയതാണു്"

38. (൫൭) മിസ്റ്റർ സി. വി. ഐയ്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെന്റു ദയവായി മറുപടി പറയുമോ.—

(എ) [illegible] കന്നി [illegible]-ാംതീയതി "എക്സ്പ്രസ്സു്" (തൃശ്ശിവപേരൂർ) പത്രം [illegible]-ാം പുറത്തു് പൌരനാദം എന്നതിന്റെ കീഴിൽ "ഇതേതിലും പ്രാധാന്യമേറിയതാണു്" എന്ന തലക്കെട്ടോടുകൂടി പഴഞ്ഞിയിൽനിന്നും "ഒരു സാധു പാട്ടകൃഷിക്കാരൻ" എന്ന അപരനാമത്തിൽ ഒരാൾ എഴുതിയ ലേഖനം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ വിശേഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽപറഞ്ഞ ലേഖനത്തിൽ വിവക്ഷിച്ചിട്ടുള്ള വിധം യഥാർത്ഥ കർഷകന്റെ രക്ഷക്കുവേണ്ടി ഗവൺമെന്റു് എന്താണു് ചെയ്തിട്ടുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly